**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2724** | **13-02-2024 - ൽ മറുപടിയ്ക്ക്**

**യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ സേവന സംബന്ധമായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശംങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വകുപ്പ് ആവിഷ്കരി നടപ്പിലാക്കിവരുന്ന "ഒരു കുടുംബം ഒര സംരംഭം", "ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്" എന്നീ പദ്ധതികൾ പ്രകാരം സേവനമേഖലയിൽ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് ആനുകൂല്യം ലഭിക്കുന്നതിന അർഹത ഉണ്ടായിരിക്കുന്നതാണ്. ഉല്പാദന സേവന, വ്യാപാര മേഖലയിൽ ബാങ്ക് വായ്പ എടുത്തു പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക്, 10 ലക്ഷം വരെയുള്ള ബാങ്ക വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒര കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായം (ഇന്ററസ്റ്റ സബ് വെൻഷൻ) ആയി ലഭിക്കുന്നു. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യ ലഭിക്കുന്നു.<br><br>എന്നാൽ "ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് "പദ്ധതി പ്രകാരം മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾ സേവന മേഖലയിൽ ആരംഭിക്കുന്നതിനാണ് ആനുകൂല്യ നൽകുന്നത്. മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല, ഉല്പന്ന നിർമ്മാണം ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന, സ്ഥിരമൂലധനവു പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.<br><br>പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രൊജക്ടുകൾ/മൈക്രോ എന്റർപ്രൈസസ് എന്നിവ യ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിന് എല്ലാ മേഖലയിലേയും സംരംഭകർക്കുള്ള വായ്പാ ബന്ധിത പദ്ധതി ആയ പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി KVIC, KVIB, DIC, കയർ ബോർഡ് എന്നിവ വഴി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി വഴി, നിർമ്മാണ മേഖലയിൽ 50 ലക്ഷം വരെയുള്ള പ്രൊജക്റ്റ് കോസ്റ്റും, സർവീസ് മേഖലയിൽ 20 ലക്ഷം വരെയുള്ള പ്രൊജക്റ്റ് കോസ്റ്റും പരിഗണിച്ച് മാർജിൻ മണി തുക അനുവദിക്കുന്നതാണ്. ഈ പദ്ധതിയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നഗര/ഗ്രാമീണ പ്രദേശങ്ങൾക്കനുസരിച്ച് പ്രത്യേക വിഭാഗങ്ങൾക്ക് പ്രൊജക്റ്റ് കോസ്റ്റിന്റെ 25% മുതൽ 35% വരെ മാർജിൻ മണി ലഭ്യമാകുന്നതാണ്. ആയതു പൊതു വിഭാഗത്തിന് 15% മുതൽ 25% വരെയാണ് കൂടാതെ പ്രൊമോട്ടറുടെ വിഹിതമായി പൊതു വിഭാഗത്തിലുള്ളവർ പ്രൊജക്റ്റ് കോസ്റ്റിന്റെ 10% തുക പ്രൊമോട്ടറുടെ വിഹിതമായി കണ്ടെത്തുമ്പോൾ വനിതകൾ ഉൾപ്പെടുന്ന പ്രത്യേക വിഭാഗത്തി ലുള്ളവർക്ക പ്രൊമോട്ടറുടെ വിഹിതമായി 5% തുക കണ്ടെത്തിയാൽ മതിയാകും.<br>18 വയസ്സ് തികഞ്ഞ ഏതൊരു സംരംഭകനും ഈ പദ്ധതി വഴി ആനുകൂല്യം ലഭിക്കുന്നതാണ് ഈ പദ്ധതിയും സേവന മേഖലയിലെ സംരംഭകർക്ക് നിബന്ധനകൾക്ക് വിധേയമായി പ്രയോജനപ്പെടുത്താവുന്നതാണ് |
| (ബി) | ഭക്ഷ്യ വിതരണം, കാറ്ററിംഗ്, ഹോട്ടൽ എന്നീ മേഖലകളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുമോ? | (ബി) | ഭക്ഷ്യ വിതരണം, കാറ്ററിംഗ്, ഹോട്ടൽ മുതലായ സേവന മേഖലകൾ ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കു ന്നതിനായി നിലവിൽ വ്യവസായ വകുപ്പ് താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br><br>1.എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും |

പ്രൊഫെഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.

2.ഹെൽപ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി, സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും എന്റർപ്രെണർ ഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്മാരുടെ സേവനം പ്രയോജനപ്പെടുത്താം.

3.എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫെഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൻമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

4.4% പലിശക്ക് ബാങ്ക് വായ്പാ: ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതി നുള്ള പ്രത്യേക പദ്ധതിയാണിത്. ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

5.MSMEഇൻഷ്വറൻസ് പദ്ധതി: ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു.

ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർചെയ്യാനുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്.

| | | | |
|---|---|---|---|
| | | | 1.സംസ്ഥാന അവാർഡുകൾ - MSME കളുടെ 2021-22 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ച വച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്. |

സെക്ഷൻ ഓഫീസർ